LIBRARY ARCHIVES Kerala Legislative Assembly

ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡ്

54 [5704] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) 2003-04 വർഷം നബാർഡിന്റെ സാമ്പത്തിക സഹായം ഏതെല്ലാം പി. ഡബ്ല്യു. ഡി. റോഡ് പ്രവൃത്തിക്കുവേണ്ടിയാണ് ലഭിച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) 2003-04 സാമ്പത്തിക വർഷം ഇതുവരെ ഒരു പൊതുമരാമത്ത് റോഡ് പ്രവൃത്തിക്കും നബാർഡ് ധനസഹായം ലഭിച്ചിട്ടില്ല.

കടലുണ്ടി പാലത്തിന്റെ നിർമ്മാണം

55 [5705] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) മൊത്തം എത്ര സ്പാനുകളാണ് ഈ പാലത്തിന് ആവശ്യമായിട്ടുള്ളത്; ഇതേവരെ എത്ര സ്പാനുകളുടെ നിർമ്മാണം പൂർത്തിയായി;

(സി) എത്ര തുകയാണ് ഈ പാലത്തിന്റെ നിർമ്മാണത്തിനായി കണക്കാക്കിയിരുന്നത്;

(ഡി) ഇതേവരെ പാലം പണിക്കായി ഓരോ വർഷവും നീക്കി വച്ച തുകയും ചെലവുചെയ്ത തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പാലംപണി പൂർത്തിയാകുമ്പോഴേക്കും എത്രകോടി രൂപയുടെ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത ഇതേവരെ ഉണ്ടായെന്ന് പറയാമോ;

(ജി) പാലംപണി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8-5-1998-ൽ.

(ബി) 13 സ്പാനുകൾ ഉള്ളതിൽ 2 സ്പാനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 565 ലക്ഷം രൂപ (അഞ്ഞൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ).

(ഡി) ഇതേവരെ ഈ പാലം നിർമ്മാണത്തിന് 4.90 കോടി രൂപ ചെലവായിട്ടുണ്ട്.

(ഇ) ഏകദേശം 19.55 കോടി രൂപ.

(എഫ്) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ജി) പാലം പണി നടക്കുന്ന സ്ഥലം അഴിമുഖത്തായതിനാൽ വൻതിരമാലകൾ അടിച്ചു കയറുന്നതു കാരണം പണി സുഗമമായി നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്. എന്നിരുന്നാലും ശേഷിക്കുന്ന പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുളങ്ങരത്ത്-നമ്പൃത്താംകുണ്ട്-വാളൂക്-വിലങ്ങാട് റോഡ്

56 [5706] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡായ കുളങ്ങരത്ത്-നമ്പൃത്താംകുണ്ട്-വാളൂക്-വിലങ്ങാട് റോഡ് എന്നാണ് ടെണ്ടർ ചെയ്തത്;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എവിടം വരെയായി;

(സി) കുളങ്ങരത്ത്-നമ്പൃത്താംകുണ്ട്-വാളൂക്-വിലങ്ങാട് റോഡിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) പ്രസ്തുത റോഡ് നിർമ്മാണം കോൺട്രാക്ടർ ഇടയ്ക്കുവച്ച് ഉപേക്ഷിച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) വളരെ പ്രാധാന്യമുള്ള ഈ പി. ഡബ്ല്യൂ.ഡി. റോഡ് പൂർത്തിയാകാത്തതിൽ നാട്ടുകാർക്ക് വ്യാപകമായ പ്രതിഷേധമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly